നോവൽ -5

## അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

• ഷബ്ന പൊന്നാട്



# ആദ്യപരീക്ഷണം

അച്ഛനെക്കാൾ സുന്ദരനാണ് ഷബോനി പഞ്ചവർണക്കിളി. പലവിധവർണങ്ങളിൽ തൂവലുകളുള്ള അവനെ മറ്റു പക്ഷികൾ തെല്ലൊരു അസൂയയോടെയാണ് കാണുന്നത്. എന്നാലും അവർക്കെല്ലാം അവനോട് വളരെ സ്നേഹമാണ്.

ഷബോനി കൂട്ടിൽ നിന്നും അത്തിമരത്തിന്റെ മറ്റു ചില്ലകളിലേക്ക് പറന്നു തുടങ്ങിയിട്ടുണ്ട്. അമ്മയും പമ്മുതത്തയും അവനോടൊപ്പം എപ്പോഴും ഉണ്ടാവും.

മാസങ്ങളോരോന്നായി വീണ്ടും കടന്നു പൊയ്ക്കൊണ്ടിരുന്നു. ഷബോനി ഒത്തൊരു ആൺകിളിയായി മാറി. യുവരാജാവിനു സ്ഥാനം കൈമാറാനുള്ള സമയമായി. വെറുതെയ

◆◆ സ്വയം പരാഗണം സാധ്യമല്ലാത്ത സുഗന്ധവ്യഞ്ജനം – വാനില

ങ്ങ് സ്ഥാനം കൊടുക്കുകയല്ല ചെയ്യുന്നത്. അതിന് മൂന്നു പരീക്ഷണങ്ങളുണ്ട്. അതിൽ വിജയിച്ച് യോഗ്യത നേടിയാൽ രാജാവായി നിയമിക്കപ്പെടും.

പാരമ്പര്യമായി പഞ്ചവർണക്കിളി വർഗത്തിൽ പെട്ടവരാണ് ആ സ്ഥാനം കൈമാറിക്കൊണ്ടിരുന്നത്. അതിനുള്ള യോഗ്യത അവർക്കു മാത്രമായിരുന്നു. ആദ്യത്തെ രണ്ട് പരീക്ഷണങ്ങളിൽ മറ്റു പക്ഷികൾക്ക് വിജയിക്കാൻ സാധിക്കുമെങ്കിലും മൂന്നാമത്തേതിൽ പരാജയപ്പെടും. ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ ഒരു രാവും പകലും നിർത്താതെ പാടണം. അതാണ് മൂന്നാമത്തെ പരീക്ഷണം.

ഈ നിയമങ്ങളൊക്കെ ചുകൻ ചെമ്പോത്തിനറിയാമെങ്കിലും അധികാരമോഹത്താൽ അവന്റെ കണ്ണുകൾ മഞ്ഞളിച്ചു പോയിരുന്നു. പഞ്ചവർണക്കിളി വർഗത്തെ എങ്ങനെയെങ്കിലും ഉന്മൂലനം ചെയ്യണം. ഷബോനിയോടു കൂടി ആ പാരമ്പര്യത്തെയും നിയമങ്ങളെയും തുടച്ചു നീക്കണം. അതിനുള്ള പോംവഴി ആലോചിക്കുമ്പോഴാണ് അജിബൻ ആ ദിവസം പ്രഖ്യാപിക്കുന്നത്. ഷബോനിയെ യുവരാജാവായി തിരഞ്ഞെടുക്കാൻ പോവുന്ന ദിവസം.

വരാൻപോകുന്ന ആ ദിവസത്തെ ഓർത്ത് ചുകൻചെമ്പോത്തിനും പങ്കൻ കഴുകനും ഉറക്കം നഷ്ടപ്പെട്ടു.

അരുവിക്കാട്ടുകാർ കാത്തിരുന്ന ആ സുദിനം വന്നെത്തി. ആദ്യപരീക്ഷണം അന്നാണ്.

ഉദയത്തിനും അസ്തമയത്തിനുമിടയിൽ യുവരാജാവ് അരുവിക്കാട് മുഴുവനും കണ്ടിരിക്കേണ്ടതുണ്ട്. ഓരോ മുക്കും മൂലയും മനസ്സിലാക്കിയിരിക്കണം. അവിടെയുള്ളവരുടെ പേരും വിവരങ്ങളും ശേഖരിച്ച് അസ്തമയത്തിനുള്ളിൽ തിരിച്ചെത്തുകയും വേണം. അതാണ് ഒന്നാമത്തെ പരീക്ഷണം.

തന്റെ പ്രജകൾക്ക് എന്താവശ്യമുണ്ടായാലും ഉടനടി അവിടെയെത്താനും തന്റെ കാടിന്റെ സ്ഥിതിഗതികൾ അറിഞ്ഞിരിക്കാനുമാണത്. അതിൽ രാജാവിനുള്ള ആത്മാർഥതയും ചുറുചുറുക്കും എത്രത്തോളമുണ്ടെന്നറിയാൻ വേണ്ടിയാണ് ഉദയത്തിനും അസ്തമയത്തിനുമിടയിൽ സമയപരിധി തീരുമാനിച്ചത്.

*(തുടരും)*

## ഹെവിവെയ്റ്റ് ചാമ്പ്യൻ

**ഏറ്റവും** ഭാരമുള്ള മൃഗം ഏതാണ്? ഭൂമിയിൽ ജീവിച്ചിരുന്ന വംശനാശംവന്ന ഏറ്റവും വലിയ പല്ലി ഭീമനാണോ നീലത്തിമിംഗലമാണോ ആ പദവിക്ക് അർഹൻ? ഏറ്റവും ഭാരം കൂടിയ ദിനോസറായിരുന്നു ബ്രാക്കിയോസാറസ്. 90 ടൺ ഭാരം. അതായത് 13 ആഫ്രിക്കൻ ആനകളുടെ അല്ലെങ്കിൽ 2.5 സ്പേം തിമിംഗലത്തിന്റെ ഭാരം.

എന്നിരുന്നാലും ഭൂമിയിലെ ഏറ്റവും ഭാരം കൂടിയ ജീവി ഇന്നും ജീവിക്കുന്ന നീലത്തിമിംഗലമാണ്.

153 ടൺ ഭാരമുണ്ട് നീലത്തിമിംഗലത്തിന്!



◆◆ ഇന്ത്യയുടെ ആദ്യ വനിതാ അംബാസഡർ – വിജയ ലക്ഷ്മി പണ്ഡിറ്റ്